(9) ജില്ലാ കൃഷി ഓഫീസർ - കൺവീനർ

(സി) സംസ്ഥാന ഫാം കൗൺസിൽ :

(1) കാർഷികോൽപ്പാദന കമ്മീഷണർ - ചെയർമാൻ

(2) കൃഷി ഡയറക്ടർ - വൈസ് ചെയർമാൻ

(3) സംസ്ഥാന കൃഷി എഞ്ചിനീയർ
(4) കാർഷിക സർവകലാശാല അസോഷ്യേറ്റ് പ്രൊഫസർ
(5) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
(6) അംഗീകൃത ഫാംതൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധികൾ വീതം
} അംഗങ്ങൾ

(7) സീനിയർ അഡീഷണൽ കൃഷി ഡയറക്ടർ - കൺവീനർ

(എഫ്) പരിഗണിക്കുന്നതാണ്.

25 (*235) തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിന് നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(ഡി) സർക്കാർ എന്തു തുകയാണ് ഈ ആവശ്യത്തിനായി ചെലവാക്കാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതി നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 1850 ഹെക്ടർ തരിശു ഭൂമിയിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) പദ്ധതിക്ക് 85.94 ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിക്കുന്നുണ്ട്.

(ഡി) 405 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി ചെലവഴിക്കുന്നത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

26 (*236) മദ്യത്തിൽ മായം ചേർത്തതിനെതിരായ കേസ്സുകൾ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിൽ മായം ചേർത്തതിനെതിരായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എവിടെയെല്ലാം; ഇതിൽ എത്ര കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്;

(ബി) മദ്യത്തിൽ മായം ചേർക്കുന്നത് പരിശോധിക്കാനായി എത്ര മിന്നൽ പരിശോധനകൾ ഉദ്യോഗസ്ഥൻമാർ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ തന്നെ ചാരായത്തിൽ കളർ ചേർത്ത് ബാറുകളിൽ വില്ക്കുന്നതായി എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) മദ്യത്തിൽ മായം ചേർത്താൽ ഏതെല്ലാം നിയമമനുസരിച്ച് കേസ്സെടുക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിൽ മായം ചേർത്തതിനെതിരായി സംസ്ഥാനത്ത് 204 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ഇതിൽ 107 കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം	-	62
കൊല്ലം	-	66
ആലപ്പുഴ	-	11
പത്തനംതിട്ട	-	29
കോട്ടയം	-	19
എറണാകുളം	-	2
തൃശ്ശൂർ	-	3
മലപ്പുറം	-	9
പാലക്കാട്	-	2
കാസർഗോഡ്	-	1

(ബി) 10575 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(സി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി) അബ്കാരി ആക്ട് 57.57 (എ) എന്നീ വകുപ്പുകൾ അനുസരിച്ച് കേന്ദ്ര നിയമമായ നാർക്കോട്ടിക് ഡ്രഗസ് ആന്റ് സൈക്കോട്രോപിക് അസിസ്റ്റൻസ് ആക്ട് 1985 അനുസരിച്ചും കേസ്സ് എടുക്കാവുന്നതാണ്.

27 (*237) പുഷ്പ-ഫല-സസ്യ സംഭരണ സംഘങ്ങൾ തുടങ്ങാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1133/2010.

LIBRARY ARCHIVES Kerala Legislative Assembly